പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 1556

11/02/2013 ൽ
മറുപടിക്ക്

## വിശ്വമലയാള മഹോത്സവം നടത്തിപ്പിന്റെ ചെലവുകൾ

ചോദ്യം

ശ്രീ. കെ. കെ. നാരായണൻ

മറുപടി

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമ വികസനവും, ആസൂത്രണവും
സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) വിശ്വമലയാള മഹോത്സവം നടത്തിയതിന് എന്ത് തുക ചെലവഴിച്ചു വ്യക്തമാക്കുമോ ; | (എ) ഏകദേശം ഒന്നരക്കോടി രൂപ ചെലവഴിച്ചു. |
| (ബി) ഇതിന്റെ ഭാഗമായി എന്തെല്ലാം പരിപാടികളാണ് നടത്തിയത്, ഓരോ പരിപാടിക്കും എന്ത് തുക ചെലവഴിച്ചിട്ടുണ്ട്; പ്രത്യേകം പ്രത്യേകം വിശദമാക്കുമോ ; | (ബി) മലയാള ഭാഷയെ ലോകശ്രദ്ധയിൽ കൊണ്ടുവരികയും മലയാളത്തിലെ എഴുത്തുകാരെ ഒത്തുചേർത്ത് വിപുലമായ ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രവാസി മലയാള സംഘടനകളെ ക്ഷണിച്ച് സെമിനാറുകൾ, ചർച്ചകൾ എന്നിവ സംഘടിപ്പിച്ചു. മലയാളത്തിലെ മുതിർന്ന എഴുത്തുകാരെ ആദരിക്കുന്നതിന് ആചാര്യപൂജ, ആദരസന്ധ്യ എന്നിവ നടത്തുകയുണ്ടായി. മലയാളത്തിലെ വിവിധ ശാഖകളിലെ പരിചയസമ്പന്നരായവർ ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് ക്ലാസുകളെടുക്കുകയും അവയ്ക്ക് ശ്രോതാക്കളായി ധാരാളം പ്രതിനിധികൾ പങ്കെടുക്കുകയും ചെയ്തു. വിവിധ കലാരൂപങ്ങളും നാടൻകലകളും തിങ്ങിനിറഞ്ഞ സദസ്സിനു മുമ്പാകെ അവതരിപ്പിച്ചു. ചെലവിന്റെ വിശദാംശങ്ങൾ ഉള്ളടക്കം ചെയ്യുന്നു. |
| (സി) ഈ മഹോത്സവത്തിന് എന്തെല്ലാം പിഴവുകൾ സംഭവിച്ചു എന്ന് വിശദമാക്കുമോ? | (സി) വിശ്വമലയാള മഹോത്സവുമായി ബന്ധപ്പെട്ട് ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമ്മേളനത്തിന്റെ പ്രചരണത്തിനായി നഗരത്തിൽ സ്ഥാപിച്ച പ്രതിമകളിൽ സി.വി.രാമൻപിള്ളയുടെ പ്രതിമയ്ക്കു പകരം സി.വി.രാമന്റെ പ്രതിമ സ്ഥാപിക്കാൻ ഇടയായി. തെറ്റ് മനസ്സിലാക്കിയ ഉടൻ സി.വി.രാമൻപിള്ളയുടെ പ്രതിമ സ്ഥാപിച്ചു. നാളത്തെ കേരളം : വികസന കാഴ്ചപ്പാട് എന്ന സെമിനാർ നടത്താൻ കഴിഞ്ഞില്ല. |

സെക്ഷൻ ഓഫീസർ

# വിശ്വമലയാളമഹോത്സവം 2012

## വരവ് ചെലവ് സ്റ്റേറ്റ്മെന്റ്

(പുതുക്കിയത് 05.02.2013)

| | എസ്റ്റിമേറ്റ് തുക ലക്ഷത്തിൽ | കൊടുത്ത തുക | കൊടുക്കാനുള്ള തുക | ആകെ ചെലവ് (രൂപ) |
|---|---|---|---|---|
| 1. വേദികൾ, ഒപ്പമുള്ള പന്തൽ, അലങ്കാരങ്ങൾ, സ്റ്റേജിന് പുറകിലെ ഫ്ളക്സ്, വളങ്ങളിലെ അലങ്കാരങ്ങൾ തുടങ്ങിയവ | 25.00 | 16,11,545 | | 16,11,545 |
| 2. ചിത്രപ്രദർശനങ്ങൾ, പുസ്തകപ്രദർശനം ചരിത്രപ്രദർശനം, അവയുടെ ആസൂത്രണം വസ്തുശേഖരണം, വേദി ഒരുക്കൽ | 5.00 | 84,000 | | 84,000 |
| 3. സിനിമ, നാടകം, നാടൻകലാമേളകൾ, കഥാപ്രസംഗം, അനുബന്ധ ചർച്ച; കലാപരിപാടികൾക്കുള്ള പ്രതിഫലം, ഗാനമേള ഉൾപ്പെടെ (അമൃതംഗായതി, നാഴൂരിപ്പാലുകൊണ്ട്, സൂര്യ കലാവതരണം) | 15.00 | 20,64,521 | | 20,64,521 |
| 4. വൈദ്യുതി,ജനറേറ്ററുകൾ (വേദി) വൈദ്യുതാലങ്കാരം (വേദികൾ) | 10.00 | 16,23,037 | | 16,23,037 |
| 5. സംഘാടകസമിതി പ്രവർത്തനം, വളണ്ടിയർ സ്റ്റേജ് കോഡിനേറ്റർ, അവതാരകർ, യാത്രാചിലവുകൾ, അനുബന്ധ ചെലവുകൾ | 10.00 | 5,81,943 | 12,237 | 5,94,180 |
| 6. അതിഥികൾക്കുള്ള ചെലവ്, സെമിനാറിൽ പ്രബന്ധാവതാരകർക്കുള്ള യാത്രപ്പടി (ഓണറേറിയം ഉൾപ്പെടെ), വിദേശം-ദേശീയം, കേരളത്തിനുള്ളിൽ (വിമാനയാത്ര, റെയിൽ യാത്ര, റോഡ് യാത്ര) | 40.00 | 11,80,034 | 1,33,400 | 13,13,434 |
| 7. വിളംബരപരിപാടികൾ (തൃശൂർ പരിപാടി ഉൾപ്പെടെ) | 3.00 | 6,19,538 | | 6,19,538 |
| 8. പബ്ലിസിറ്റി (എഫ്. എം.റേഡിയോ, ലഘു ലേഖകൾ,ഫ്ളക്സുകൾ, പ്രതിമകൾ, മറ്റു ആധുനികരീതികൾ) | 30.00 | 22,59,437 | 2,70,305 | 25,29,742 |
| 9. അച്ചടി, ടെലഫോൺ, തപാൽ, കൊറിയർ | 5.00 | 5,61,483 | 59,568 | 6,21,051 |
| 10. ഓർഗനൈസിംഗ് കമ്മിറ്റി ഓഫീസ് (വാടക, അത്യാവശ്യം വേണ്ട താത്കാലിക ജീവനക്കാർ ടെലഫോൺ, ഇന്റർനെറ്റ്, ഫാക്സ്, കമ്പ്യൂട്ടർ ഫർണീച്ചർ തുടങ്ങിയവ) | 5.00 | 8,47,149 | | 8,47,149 |

...2

| | എസ്റ്റിമേറ്റ് തുക ലക്ഷത്തിൽ | കൊടുത്ത തുക | കൊടുക്കാനുള്ള തുക | ആകെ ചെലവ് (രൂപ) |
|---|---|---|---|---|
| 11. അതിഥികൾക്കുള്ള താമസം, ഭക്ഷണം | 15.00 | 7,16,728 | | 7,16,728 |
| 12. ഭക്ഷണം: സമ്മേളനദിവസങ്ങളിൽ അതിഥികൾ, കലാകാരന്മാർ, മറ്റു പ്രവർത്തകർ തുടങ്ങിയവർക്ക് | 2.00 | 7,47,500 | | 7,47,500 |
| 13. *സെമിനാർ-പേപ്പറുകൾ ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിന് | 5.00 | .... | ..... | ..... |
| 14. ഫോട്ടോ, വീഡിയോ, ഡിജിറ്റൽ ഡോക്യുമെന്റേഷൻ | 15.00 | 2,32,802 | 25,940 | 2,58,742 |
| 15. വാർത്താപത്രിക അച്ചടി | 5.00 | 3,29,820 | | 3,29,820 |
| 16. മീഡിയ സെന്റർ-(സ്റ്റേഷനറി, സ്റ്റാഫ് അലവൻസ് കമ്പ്യൂട്ടർ ഇന്റർനെറ്റ്) വെബ്സൈറ്റ് & വെബ് പ്രമോഷൻ | 5.00 | 1,86,103 | | 1,86,103 |
| 17. അതിഥികൾക്കും, പ്രതിനിധികൾക്കുമുള്ള കിറ്റുകൾ-കിറ്റുകൾക്കുള്ളിലെ വസ്തുക്കൾ വിശിഷ്ടാതിഥികൾക്കും ദേശീയ-വിദേശീയ അതിഥികൾക്കുമുള്ള ഉപഹാരങ്ങൾ, ബാഡ്ജ് മുതലായവ | 10.00 | 7,88,869 | | 7,88,869 |
| 18. സാഹിത്യപുരസ്കാരം | | 75,000 | | 75,000 |
| എ) ജൂറിമാർക്കുള്ള പ്രതിഫലം | | 5,000 | 70,000 | 75,000 |
| 19.. അപ്രതീക്ഷിതചെലവുകൾക്കായി റിസർവ്വ് തുക | 10.00 | | | |
| ആകെ | 215.00 | 1,45,14,509 | 5,71,450 | 1,50,85,959 |

*സെമിനാർ- പേപ്പർ, സചിത്ര റിപ്പോർട്ട് എന്നിവ ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിന് 5 ലക്ഷം രൂപ നീക്കിവെയ്ക്കേണ്ടതുണ്ട്.

| | | |
|---|---|---|
| **വരവ്** | | |
| സർക്കാരിൽനിന്നും ലഭിച്ച ഗ്രാന്റ് | | 2,00,00,000 |
| സ്പോൺസർഷിപ്പ് | | |
| *വേൾഡ് മലയാളി കൗൺസിൽ ദുബായ്* | 2,00,000 | |
| *ദൂരദർശൻ, തിരുവനന്തപുരം* | 1,50,000 | 3,50,000 |
| ന്യൂസ് ലെറ്ററിൽനിന്നുള്ള പരസ്യം | | 67,500 |
| ആകെ | | 2,04,17,500 |

ബാക്കി തുക (പ്രതീക്ഷിക്കുന്നത്) **48,31,541 രൂപ**

സെക്രട്ടറി